**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കണ്ണൂർ ജില്ല - ഉദയഗിരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ഡി. നാരായണൻകുട്ടിയ്ക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2753/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 27.10.2018

================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 28.09.2015-ലെ ഇ 13 (എസ് സി 11/2015/കെഎൻആർ) 14986/2015 നമ്പർ കത്ത്

2. വിജിലൻസ് (ഡി) വകുപ്പിന്റെ 05.11.2015-ലെ 12033/ഡി2/2015/വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 13.12.2017-ലെ 222/ഇപിബി3/2017/തസ്വഭവ നമ്പർ കുറ്റപത്രം
4. ശ്രീ. ഡി. നാരായണൻകുട്ടി സമർപ്പിച്ച 09.03.2018-ലെ പ്രതിവാദ പത്രിക
5. പഞ്ചായത്ത് ഡയറക്ടറുടെ 04.06.2018-ലെ ഡി9-912/2018 നമ്പർ കത്ത്

**ഉത്തരവ്**

ഉദയഗിരി ഗ്രാമപഞ്ചായത്തിലെ മണക്കടവ് പി.ഡബ്ല്യു.ഡി. റോഡ് കൈയ്യേറി അനധികൃത കെട്ടിട നിർമ്മാണം നടത്തുന്നുവെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഉദയഗിരി ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. വിജിലൻസ് അന്വേഷണത്തിൽ കെട്ടിട ഉടമസ്ഥർ മുൻവശത്തുള്ള തുറസായ സ്ഥലത്ത് ഒരു സ്റ്റോർ റൂം അനധികൃതമായി നിർമ്മിച്ചുവെന്നും, പൊതുമരാമത്ത് റോഡിന്റെ ഭാഗത്തേയ്ക്ക് 90 സെ.മീ. കടന്ന് മേൽക്കൂര നിർമ്മിച്ചുവെന്നും, അനധികൃതമായി നിർമ്മിച്ച മുറിയ്ക്ക് പഞ്ചായത്ത് അധികൃതർ നമ്പർ അനുവദിച്ചിട്ടുണ്ടെന്നും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് കെട്ടിടത്തിന് നമ്പർ അനുവദിച്ചുവെന്നും കണ്ടെത്തുകയുണ്ടായി. വിജിലൻസ് കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ക്രമക്കേടുകൾക്കുത്തരവാദിയായ ഉദയഗിരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ ഡി. നാരായണൻകുട്ടിയ്ക്ക് പരാമർശം (3) പ്രകാരം ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീ. ഡി. നാരായണൻകുട്ടി പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

ചട്ടവിരുദ്ധമായി കെട്ടിട ഉടമസ്ഥൻ കെട്ടിടത്തിന്റെ മുൻ വശത്തുള്ള തുറന്ന ഭാഗം ഒരു സ്റ്റോർ റൂം നിർമ്മിച്ചിട്ടുണ്ടെന്നത് സംബന്ധിച്ച് ശ്രീ. നാരായണൻകുട്ടിയ്ക്കെതിരായ ആരോപണത്തിന് കെട്ടിടത്തിന്റെ റോഡ് നിരപ്പിലുള്ള മുറികളിലേക്ക് നിർമ്മിച്ച ഫ്ലൈ ഓവറിന് അടിയിലാണ് ഇത് നിർമ്മിച്ചിരിക്കുന്നതെന്നും നമ്പർ അനുവദിച്ചതിന് ശേഷമാണ് നിർമ്മാണം നടത്തിയതെന്നാണ് മറുപടി നൽകിയിട്ടുള്ളതെന്നും ഈ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാനിലോ കെട്ടിടനിർമ്മാണം പൂർത്തിയാക്കിയത് സംബന്ധിച്ച അന്വേഷണ ഉദ്യോഗസ്ഥൻമാരുടെ

റിപ്പോർട്ടിലോ ഇത സംബന്ധിച്ച് പരാമർശമില്ലാത്തതിനാൽ കെട്ടിടത്തിന് നമ്പർ നൽകിയതിന് ശേഷമാണ് നിർമ്മാണം നടത്തിയതെന്നും പ്രസ്തുത നിർമ്മാണം ശ്രദ്ധയിൽപ്പെട്ടപ്പോൾ അനധികൃത നിർമ്മാണം പൊളിച്ച് നീക്കുന്നതിന് സെക്രട്ടറി 02-05-2013 ന് നോട്ടീസ് നൽകിയതിൻ പ്രകാരമാണ് അനധികൃതമായി നിർമ്മിച്ച സ്റ്റോർ റൂം പൊളിച്ച് നീക്കിയിട്ടുള്ളതെന്നും വ്യക്തമാകുന്നു. ഈ സാഹചര്യത്തിൽ ആരോപണത്തിൽ കഴമ്പില്ലെന്ന് കാണുന്നതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കെട്ടിടത്തിന്റെ മുൻവശത്ത് ഒരു കാനപ്പി മേൽക്കട്ടി നിർമ്മിച്ചിരിക്കുന്നതായും ആയത് പൊതുമരാമത്ത് റോഡിലേക്ക് 90 സെന്റീ മീറ്റർ തള്ളി നിൽക്കുന്നു എന്ന ആരോപണത്തിന് നൽകിയ മറുപടിയിൽ പൊതുമരാമത്ത് റോഡിലേക്ക് 90 സെന്റീ മീറ്റർ കടന്ന് മേൽക്കൂര നിർമ്മിച്ചിട്ടില്ലെന്നും കെട്ടിടം പൊതുമരാമത്ത് റോഡിൽ നിന്നും 3.10 മീറ്റർ മാറിയാണ് നിർമ്മിച്ചിരിക്കുന്നതെന്ന വാദം ഉന്നയിച്ച ആരോപണത്തിനല്ലെന്നും കെട്ടിടത്തിന്റെ ചുമർ 3.10 മീറ്റർ മാറിയാണ് നിർമ്മിച്ചിരിക്കുന്നതെങ്കിലും കെട്ടിടത്തിന്റെ മുൻവശത്ത് ഗ്രൗണ്ട് ഫ്ലോറിന്റെ മേൽക്കൂരയോട് ചേർന്ന് നിർമ്മിച്ച താൽക്കാലിക മേൽക്കട്ടിയാണ് ആരോപണത്തിൽ ഉന്നയിച്ചിരിക്കുന്നതെന്നും കെട്ടിടത്തിന്റെ ബെയ്സ്മെന്റ് ഫ്ലോറിൽ മഴവെള്ളം വീഴാതിരിക്കുന്നതിന് താൽക്കാലികമായി നിർമ്മിച്ച മേൽക്കൂരയാണെങ്കിലും ആയത് നിലവിൽ പൊളിച്ച് നീക്കിയിട്ടില്ലായെന്നും വ്യക്തമാകുന്നതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പഞ്ചായത്ത് അധികാരികൾ അനധികൃത കെട്ടിടത്തിന് നമ്പർ അനുവദിച്ചതായിട്ടുള്ള ആരോപണത്തിന് അനധികൃതമായി നിർമ്മിച്ച മുറിക്ക് പഞ്ചായത്ത് നമ്പർ അനുവദിച്ചിട്ടില്ലായെന്നും അനധികൃതനിർമ്മാണം പൊളിച്ച് നീക്കിയതായിട്ടുള്ള ആരോപണ വിധേയന്റെ വാദം, ഉന്നയിച്ച ആരോപണത്തിനല്ലെന്നും അനധികൃത നിർമ്മാണം എന്ന് ഉദ്ദേശിച്ചത് പ്രസ്തുത കെട്ടിടത്തെ മുഴുവനായിട്ടാണെന്നും പഞ്ചായത്തിൽ നിന്നും നിയമാനുസരണം അനുമതി വാങ്ങി നടത്തിയ നിർമ്മാണമായതിനാൽ ടി കെട്ടിടത്തെ അനധികൃത നിർമ്മാണം എന്ന ഗണത്തിൽപ്പെടുത്താൻ കഴിയില്ലായെന്നും പഞ്ചായത്ത് നൽകിയ അനുമതിയിൽ നിന്നും വ്യതിചലനമുള്ളതായി കാണുന്നില്ലായെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തതിൽ പഞ്ചായത്തിൽ നിന്നും നിയമാനുസരണം അനുമതി വാങ്ങി നടത്തിയ നിർമ്മാണമാണെന്ന് വ്യക്തമാകുന്നതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കൂടാതെ കെട്ടിട നിർമ്മാണ ചട്ടം 2011-ലെ ചുവടെ പറയുന്ന വ്യവസ്ഥകൾ ലംഘിച്ചിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1. കെ.പി.ബി.ആർ റൂൾ 35(2) കവറേജ് 55%-ത്തിലധികം എന്ന ആരോപണത്തിന് കവറേജ് കണക്കാക്കുന്നതിൽ വീഴ്ച വന്നിട്ടുള്ളത് അശ്രദ്ധ കൊണ്ടാണെന്ന് സമ്മതിച്ചിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.
2. കെ.പി.ബി.ആർ റൂൾ 27(3) ഫ്രണ്ട് യാർഡ് 2.10 മീറ്റർ മാത്രം എന്ന ആരോപണത്തിന് റൂൾ പ്രകാരം ആവശ്യമായ മുൻ വശം 3 മീറ്റർ എന്നതിന് 3.10 മീറ്റർ അകലം പാലിച്ചിട്ടുണ്ടെന്നും ബെയ്സ്മെന്റിലേക്ക് അനുവദനീയമായ സ്റ്റെയർ കെയ്സിന്റെ വീതിയായി 1 മീറ്റർ ഒഴിവാക്കിയതിനാലാണ് 2.10 മീറ്റർ ആയി കുറഞ്ഞതെന്നുമാണ് ബോധിപ്പിച്ചിട്ടുള്ളത്. കെട്ടിടത്തിന്റെ ചുമർ 3.10 മീറ്റർ ദൂരപരിധിയിലാണ് നിർമ്മിച്ചിരിക്കുന്നതെങ്കിലും ബെയ്സ്മെന്റ് ഫ്ളോറിന്റെ പ്രൊജക്ഷൻ ഗ്രൗണ്ട് ഫ്ലോറിന്റെ മുൻവശത്തെ പാസ്സേജായി ഉപയോഗിക്കാത്ത ഭാഗം 1 മീറ്റർ ഉള്ളതിനാലാണ് 2.10 മീറ്റർ ആയി പരിഗണിച്ചതെന്നും പ്രസ്തുത ഭാഗത്തെ പാസ്സേജിന്റെ വീതി കംപ്ലീഷൻ പ്ലാനിൽ കാണിച്ചിട്ടില്ലായെന്നും കെട്ടിടത്തിന്റെ പ്ലാൻ വരച്ച് നൽകിയ ലൈസൻസിക്ക് ഇക്കാര്യത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും വെതർ ഷെഡ്ഡിന് അനുവദനീയമായ നിയമാനുസൃത പരിധിക്ക്

അധികരിച്ച ഭാഗം പൊളിച്ച് നീക്കിയിട്ടില്ലാത്തതിനാൽ അപാകത പരിഹരിച്ചിട്ടില്ലായെന്ന് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. കെ.പി.ബി.ആർ റൂൾ 58(2) പിൻ ഭാഗം 80 സെന്റി മീറ്റർ മാത്രം എന്ന ആരോപണത്തിന് കെട്ടിടത്തിന് ആവശ്യമായ 1.50 മീറ്റർ ദൂരപരിധി പിന്നാമ്പുറത്ത് നൽകിയിട്ടുണ്ടെന്നും കെട്ടിടത്തിന്റെ ബെയ്സ്മെന്റ് 3 മീറ്ററിലധികം താഴ്ചയായതിനാൽ പുറക് വശത്ത് 2 നിരയിൽ കല്ലുകൾ വീതിയിൽ പാകി അതിർത്തി ബലപ്പെടുത്തിയിരിക്കുന്നുവെന്നും പിന്നാമ്പുറത്ത് കല്ലുകളുടെ വീതി ഒഴിവാക്കി അളന്നതിനാലാണ് ദൂരപരിധി 80 സെന്റി മീറ്റർ ആയി സൂചിപ്പിച്ചിരിക്കുന്നതെന്നും ബോധിപ്പിച്ചിട്ടുള്ളത്. കെട്ടിടത്തിന്റെ പ്ലാൻ പരിശോധിച്ചതിൽ കെട്ടിടാനുമതി നൽകുമ്പോൾ 1.50 മീറ്റർ കാണിച്ച് അനുമതി നൽകിയിരുന്നുവെങ്കിലും കംപ്ലീഷൻ പ്ലാനിൽ 1 മീറ്റർ മാത്രമേ ദൂരപരിധി കാണിച്ചതായി കാണുന്നുള്ളൂവെന്നും മൂന്ന് വ്യത്യസ്ത ആധാരങ്ങൾ പ്രകാരമുള്ള സ്ഥലങ്ങൾ ഒന്നിച്ച് ചേർത്താണ് നിർമ്മാണം നടത്തിയിട്ടുള്ളതെന്നും കെട്ടിടത്തിന്റെ പിൻഭാഗം താഴ്ന്നതായതിനാൽ മൂന്ന് ആധാരങ്ങൾ പ്രകാരമുള്ള സ്ഥലങ്ങൾ ഒന്നിച്ച് റവന്യൂ അധികാരികളെ കൊണ്ട് സർവ്വേ നടത്തി മാർക്ക് ചെയ്യിച്ചാൽ മാത്രമേ കൃത്യമായ ദൂരപരിധി നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളൂ എന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.
4. കെ.പി.ബി.ആർ റൂൾ 28(1) റോഡിൽ നിന്നുള്ള അകലം 2.10 മീറ്റർ എന്ന ആരോപണത്തിന് റൂൾ 28(1) പ്രകാരം റോഡിൽ നിന്നും ആവശ്യമായ 3 മീറ്റർ ദൂരപരിധിയിൽ അധികം (3.10 മീറ്റർ) പാലിച്ച് കെട്ടിടെ നിർമ്മിച്ചതിൽ ബേസ്മെന്റ് സ്റ്റെയർകേസ് വീതിയായ 1 മീറ്റർ ഒഴിവാക്കി തിട്ടപ്പെടുത്തി യതിനാലാണ് 2.10 മീറ്റർ എന്ന് വിജിലൻസ് അധികൃതർ കണക്കാക്കിയതെന്ന് ബോധിപ്പിച്ചിട്ടുള്ളത്. പ്രസ്തുത കെട്ടിടം നിർമ്മിച്ചിരിക്കുന്നത് റോഡിൽ നിന്നും 3.10 മീറ്റർ ദൂര പരിധി പാലിച്ചുകൊണ്ടാണെങ്കിലും ബെയ്സ്മെന്റ് ഫ്ളോറിന്റെ പാസ്സേജായും ഉപയോഗിക്കുന്ന ഭാഗം 1 മീറ്റർ വീതിയുള്ളതിനാലാണ് യഥാർത്ഥത്തിലുള്ള ദൂരപരിധി 2.10 മീറ്റർ എന്ന് കാണിച്ചിരിക്കുന്നതെന്നും പ്രസ്തുത ഭാഗം ഇപ്പോഴും ഉപയോഗിച്ച് വരുന്നതായും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.
5. കെ.പി.ബി.ആർ റൂൾ 27(10) തുറന്ന സ്ഥലത്തെ നിർമ്മാണം പൊളിച്ച് നീക്കി എന്നാണ് ബോധിപ്പിച്ചിട്ടുള്ളത് അപാകതയിൽ സൂചിപ്പിച്ച സ്റ്റോർ റൂം പൊളിച്ച് നീക്കിയിട്ടില്ലായെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

കെട്ടിടത്തിന് നമ്പർ നൽകുന്ന അവസരത്തിൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ റൂൾ 35(2) ന്റെ ലംഘനം ഉണ്ടായിരുന്നുവെന്നും ആയത് അധികം ഫീസ് വാങ്ങി ക്രമവൽക്കരിക്കേണ്ടതാണെന്നും റൂൾ 27(3)-ന്റെ ലംഘനത്തിന് അനുവദനീയ പരിധിക്ക് പുറത്തേക്ക് തള്ളി നിർമ്മിച്ച വെതർഷെഡിന്റെ നിയമാനുസൃതഭാഗം മാത്രം നിലനിർത്തി ബാക്കി ഭാഗം പൊളിച്ച് നീക്കി അധികൃതമാക്കാവുന്നതാണെന്നും റൂൾ 58(2)-ൽ പറഞ്ഞിരിക്കുന്ന പിന്നാമ്പുറ ദൂരപരിധിയുടെ ലംഘനം എന്നതിൽ കംപ്ലീഷൻ പ്ലാനിൽ ദൂരപരിധി 1 മീറ്റർ മാത്രമേ കാണുന്നുള്ളൂവെന്നും മൂന്ന് വ്യത്യസ്ത ആധാരങ്ങൾ പ്രകാരമുള്ള സ്ഥലങ്ങൾ ഒന്നിച്ച് ചേർത്തുള്ള നിർമ്മാണമായതിനാൽ റവന്യൂ അധികൃതരെക്കൊണ്ട് ആധാരങ്ങളിൽ പറഞ്ഞിരിക്കുന്ന സ്ഥലങ്ങൾ അളന്നു തിട്ടപ്പെടുത്തി മാത്രമേ കൃത്യമാക്കാൻ കഴിയൂ എന്നും റൂൾ 28(1)-ന്റെ ലംഘനത്തിന് അധികമായി പുറത്തേക്ക് തള്ളി നിൽക്കുന്ന ഭാഗം പൊളിച്ചുനീക്കി പരിഹാരം കാണേണ്ടതാണെന്നും റൂൾ 27(10)ൽ പറഞ്ഞ പ്രകാരമുള്ള അപാകതകൾ കെട്ടിടത്തിന് നമ്പറിട്ടതിന് ശേഷം മാത്രം ഉണ്ടായതാണെന്നും ആയതിനാൽ സ്റ്റോർ റൂം പൊളിച്ച് നീക്കിയിട്ടുണ്ടെങ്കിലും മുന്നിലെ തുറസ്സായ സ്ഥലത്തെ മേൽക്കട്ടി ഇപ്പോഴും നിലവിലുണ്ടെന്നും

ആയതും പൊളിച്ചു നീക്കേണ്ടതാണെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും. കൂടാതെ 220 ബി ബാധകമായതും വ്യത്യസ്ത ആധാരങ്ങൾ പ്രകാരം ഉള്ളതുമായ സ്ഥലത്ത് നിർമ്മിച്ച പ്രസ്തുത കെട്ടിടത്തിന് നമ്പർ അനുവദിക്കുമ്പോൾ അനുമതി നൽകിയ പ്ലാനിനേക്കാൾ വിസ്തീർണം കെട്ടിടത്തിന് ഉണ്ടായതിനാലും സ്ഥലത്തിന്റെ അളവിൽ വ്യത്യാസം വന്നതിനാലും സാങ്കേതിക വിഭാഗം ജീവനക്കാരുടെ റിപ്പോർട്ട് കൂടി വാങ്ങി നമ്പർ അനുവദിക്കേണ്ടതായിരുന്നുവെന്നും കംപ്ലീഷൻ പ്ലാനിൽ ആവശ്യമായ പല വിവരങ്ങളും ലൈസൻസുള്ള സൂപ്പർവൈസർ രേഖപ്പെടുത്തിയിരുന്നില്ലായെന്നും മേൽ വിഷയത്തിൻമേലുള്ള അന്വേഷണ റിപ്പോർട്ടിൽ സൂചിപ്പിച്ച വസ്തുതകൾ സെക്രട്ടറിയായിരുന്ന ശ്രീ. നാരായണൻ കുട്ടി എന്നവർ മനപൂർവ്വം വരുത്തിയ വീഴ്ചയല്ലെന്നും അനധികൃത കാര്യങ്ങൾക്ക് സെക്രട്ടറി ബോധപൂർവ്വം കൂട്ടുനിന്നിട്ടില്ലെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന അന്വേഷണം നടത്തിയതിൽ നിന്നും ബോധ്യമാകുന്നുവെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ശ്രീ. നാരായണൻകുട്ടി സേവനത്തിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ ടിയാനെതിരെ കെ.സി.എസ്.(സിസി&എ) പ്രകാരമുള്ള അച്ചടക്കനടപടി തുടരാനാവില്ല. കൂടാതെ ശ്രീ. നാരായണൻകുട്ടിയ്ക്ക് ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രമാണ് നൽകിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ ശ്രീ. ഡി. നാരായണൻകുട്ടി സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ടിയാന് ലഘുശിക്ഷ നൽകുവാനും കഴിയില്ല. ശ്രീ. നാരായണൻകുട്ടിയുടെ ഭാഗത്തു നിന്നും മേൽനോട്ടക്കുറവ് എന്നുള്ള പോരായ്മയാണ് വിജിലൻസ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. മേൽ വിഷയത്തിൽ സെക്രട്ടറിയുടെ ഭാഗത്തുനിന്നും മനഃപൂർവ്വമായ വീഴ്ച ഉണ്ടായിട്ടില്ലെന്നും അനധികൃത കാര്യങ്ങൾക്ക് സെക്രട്ടറി ബോധപൂർവം കൂട്ടുനിന്നിട്ടില്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ കണ്ണൂർ ജില്ലയിലെ ഉദയഗിരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ഡി. നാരായണൻകുട്ടിക്കെതിരായ അച്ചടക്ക നടപടി തുടർനടപടി ആവശ്യമില്ല എന്ന് തീരുമാനിച്ചു തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. ഡി. നാരായണൻകുട്ടി, മുൻ സെക്രട്ടറി, ഉദയഗിരി ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. വിജിലൻസ് വകുപ്പ് (യു.ഒ റിമാർക്സ് നം.വിജി.ഡി2/537/2018/വിജി. തീയതി 07.08.2018 പ്രകാരം)
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/222/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ